**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 494** **28-01-2026-ൽ മറുപടിയ്ക്ക്**

**<u>പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. ജെ. മാക്സി
ശ്രീ. കെ. ജെ. മാക്സി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്തിന് ലഭിക്കേണ്ട കേന്ദ്ര വിഹിതം നൽകാതെ സംസ്ഥാനത്തെ സാമ്പത്തികമായി അസ്ഥിരപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാർ നടപടി സ്വീകരിക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കേന്ദ്ര ധനകാര്യ കമ്മീഷനുകൾ കേന്ദ്ര നികുതി വിഹിതം നിശ്ചയിക്കുന്നതിലെ മാനദണ്ഡങ്ങളിൽ വരുത്തിയ മാറ്റം മൂലം സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ വന്ന കുറവും, കേന്ദ്രാവിഷ്കൃത പദ്ധതികളിലെ ചെലവ് പങ്കിടൽ ഘടന സംസ്ഥാനങ്ങൾക്ക് അധിക ബാധ്യത വരുന്ന രീതിയിൽ ഭേദഗതി ചെയ്തതും സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്ര സർക്കാർ അനുശാസിക്കുന്ന Branding/ naming മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചിട്ടില്ലായെന്ന കാരണമുയർത്തി ധന കൈമാറ്റത്തിൽ കുറവ് വരുത്തിയതും സംസ്ഥാനത്ത് പണഞെരുക്കത്തിന് ഇടയാക്കിയിട്ടുണ്ട്. പബ്ലിക് അക്കൗണ്ടിലെ നീക്കിയിരിപ്പും സർക്കാരിന് കീഴിലെ സ്ഥാപനങ്ങൾ (SPVs) എടുത്ത വായ്പകളും, സർക്കാർ കടമായി കണക്കിലെടുത്ത്, സംസ്ഥാന സർക്കാരിന്റെ കടമെടുപ്പ് പരിധിയിൽ വെട്ടിക്കുറവ് വരുത്തിയ കേന്ദ്രസർക്കാർ നിലപാടുകളും സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കത്തിന് കാരണമായി.

**(ബി)** കേന്ദ്ര ധനവിഹിതത്തിലെ കുറവുമൂലം പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കുവാൻ സംസ്ഥാനം സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**<u>മറുപടി:</u>** സാമ്പത്തിക ഞെരുക്കത്തിനിടയിലും ആവർത്തന സ്വഭാവമുള്ള ഭരണചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിനുതകുന്ന പ്രവർത്തനങ്ങളാണ് സർക്കാർ ഏറ്റെടുത്തുവരുന്നത്. സംസ്ഥാനത്തിന്റെ തനത് നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിച്ചും പദ്ധതി ചെലവുകൾക്കു മുൻഗണനാക്രമം നിശ്ചയിച്ചുകൊണ്ടും വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ പരമാവധി വിഭവങ്ങൾ സമാഹരിക്കാനുള്ള തീവ്ര ശ്രമമാണ് സംസ്ഥാനം നടത്തിക്കൊണ്ടിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**